# ST.JOSEPH LP SCHOOL MULAKUVALLY

## ARAKULAM SUB-DISTRICT, IDUKKI

## 2025-2026

# ACCADEMIC MASTER PLAN

z

## ആമുഖം

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന എസ് ജെ എൽ പി സ്കൂൾ മുളകുവള്ളി 1983 ൽ അറക്കുളം വിദ്യാഭ്യാസ ഉപജില്ലയുടെ കീഴിൽ പ്രവർത്തനമാരംഭിച്ചു. മലയോരമേഖലയിലുള്ള ഈ പ്രദേശത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകളുടെ കുട്ടികളാണ് പഠിക്കുന്നത്. സ്കൂളിന്റെ പ്രവർത്തനങ്ങളിൽ ഈ പ്രദേശത്തെ ജനങ്ങൾ സജീവമായി പങ്കെടുക്കുന്നു. ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി 53 കുട്ടികൾ പഠിക്കുന്നു. പഠന പാഠ്യ അനുബന്ധ പ്രവർത്തനങ്ങളിൽ ഉപജില്ല തലത്തിൽ ഈ സ്കൂളിലെ കുട്ടികൾ മികവ് പുലർത്തുന്നു. ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം 2024 25 അധ്യായന വർഷം ഇടുക്കി രൂപതയിലെ മികച്ച എൽപി സ്കൂളായി തെരഞ്ഞെടുക്കപ്പെട്ടു. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ് പാഠ്യ വിഷയങ്ങളോടൊപ്പം പഠനബന്ധപ്രവർത്തനങ്ങളും നൽകി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 2025 26 അധ്യായന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

## ലക്ഷ്യങ്ങൾ

- ഓരോ കുട്ടിക്കും തുല്യതയിൽ ഊന്നിയുള്ള സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക
- 
- ഇംഗ്ലീഷ് മലയാളം എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് നേടുക
- കല കായിക പ്രവർത്തിപരിചയ മേഖലകളിൽ എല്ലാ കുട്ടികൾക്കും മികവ് തെളിയിക്കുന്നതിനുള്ള അവസരം നൽകുക
- 
- ശിശു സൗഹൃദ വിദ്യാലയം എന്ന സങ്കല്പം സാക്ഷാത്കരിക്കുക
- 
- വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ ഉയർത്തുക
- 
- പരിസ്ഥിതിയുമായി ചേർന്ന് പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നേരിട്ട് പഠിക്കാനുള്ള അവസരം ലഭ്യമാക്കുക
- 

- സ്കൂളും പരിസരവും ആകർഷകമാക്കുക വിഷം കലരാത്ത പഴങ്ങളും പച്ചക്കറികളും ലഭ്യമാക്കുക
- ആരോഗ്യം സംരക്ഷിക്കുക കുട്ടികളിൽ കൃഷിയോട് താല്പര്യം ജനിപ്പിക്കുക
- കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുക
- ശാസ്ത്രം ഗണിതം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികളിൽ കൂടുതൽ താല്പര്യം വളർത്തുക
- രചനാപരമായ കഴിവ് വളർത്തുക വ്യക്തിത്വ വികസനം ഉറപ്പാക്കുക
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക
- ആരോഗ്യ ശുചിത്വ ശീലങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക
- പൊതുമുതൽ സംരക്ഷണം പരസ്പര സഹകരണം ഈ കാര്യങ്ങളിൽ കുട്ടികളിൽ അവബോധം ജനിപ്പിക്കുക
- റോഡ് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക
- എല്ലാ കുട്ടികൾക്കും തുല്യ പരിഗണന നൽകി ഉൾച്ചേർന്ന വിദ്യാഭ്യാസം നൽകുക

# 2025-2026

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
4. വായനശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രബോഷണ പരിപാടി
6. പ്രതിഭ പോഷണ പരിപാടി
7. ലൈബ്രറി ശാക്തീകരണം
8. ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ
9. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
10. പഠന യാത്രകൾ
11. സ്കൂൾ മാസിക തയ്യാറാക്കൽ
12. പച്ചക്കറിത്തോട്ടം ഒരുക്കൽ
13. സാഹിത്യ ശില്പശാലകൾ
14. ചിത്രരചന ക്യാമ്പ്
15. കലാകായിക ശേഷി വികസനം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർടുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി എന്നിവ തിരിച്ചറിയുന്നു.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# മലയാളം

അക്കാദമിക മാസ്റ്റർ പ്ലാൻ

ഉപമേഖല - ഭാഷ

ക്ലാസ് - 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|---|
| മധുരം മലയാളം<br>വായനച്ചെപ്പ്<br>വായനശേഷി വളർത്തൽ | പദക്കാർഡുകൾ നിർമ്മിക്കൽ ,അക്ഷരകാർഡുകൾ ചേർത്ത് പദങ്ങൾ നിർമ്മിക്കൽ, വായന, വായനാ സാമഗ്രികൾ നിർമ്മിക്കൽ/വായന .ക്ലാസ് ലൈബ്രറി / വായനാ മൂല ഒരുക്കൽ etc. | കുട്ടികൾക്ക് വായനയ്ക്ക് സാധ്യത ഉറപ്പാക്കുന്നു. | ടീച്ചർ | വർഷം മുഴുവൻ |
| കുഞ്ഞു മലയാളം<br>വായന/ എഴുത്ത് ശേഷി നേടൽ. | അക്ഷരങ്ങളും ചിഹ്നങ്ങളും ചേർന്ന പദങ്ങൾ / ലഘു വാക്യങ്ങൾ എന്നിവ എഴുതാൻ പരിശീലിക്കുന്നു .<br>വായനയ്ക്കും ഭാഷണത്തിനും അവസരം നൽകുന്നു. | വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു. | ടീച്ചർ | വർഷം മുഴുവൻ. |
| ICT സാധ്യത | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>പാഠവുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾക്കും ICT സാധ്യത ഉറപ്പാക്കുന്നു. | വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു. | ടീച്ചർ | വർഷം മുഴുവൻ. |

| | | | | |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി വായന പരിപോഷിപ്പിക്കൽ. | സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ വീട്ടു ലൈബ്രറി ഒരുക്കൽ. | വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു. | ടീച്ചർ രക്ഷിതാക്കൾ. | വർഷം മുഴുവൻ. |
| ചിത്ര വിവരണം വായനയും എഴുത്തും പരിപോഷിപ്പിക്കൽ. | വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ. | വായനതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു. | ടീച്ചർ | സെപ്റ്റംബർ മുതൽ മാർച്ച് വരെ |
| ആശയഗ്രഹണം | വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>ചോദ്യങ്ങൾ ഉണ്ടാക്കൽ<br>കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ | ആശയ ഗ്രഹണ വായന | ടീച്ചർ | സെപ്റ്റംബർ |
| ഭാഷാവികസനം | കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. | കഥകൾ/ സംഭാഷണം സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നു. | ടീച്ചർ | ഒക്ടോബർ |

| | | | | |
|---|---|---|---|---|
| സർഗാത്മക പ്രവർത്തനം | സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു.<br>വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കുന്നു | സർഗാത്മക രചനകളിൽ ഏർപ്പെടുന്നു | ടീച്ചർ | നവംബർ |
| കവിതാ പൂരണം | വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കുന്നു. | കവിതാലാപനം ലേഖനം | ടീച്ചർ | ജനുവരി ഫെബ്രുവരി |
| വായന/എഴുത്ത് മെച്ചപ്പെടുത്തൽ | പ്രത്യേകതകൾ എഴുതൽ, ലഘു വിവരണങ്ങൾ തയ്യാറാക്കൽ. | വിവരണങ്ങൾ തയ്യാറാക്കുന്നു. | ടീച്ചർ | ജനുവരി ഫെബ്രുവരി |
| കുഞ്ഞെഴുത്ത് | ഓരോ കുട്ടിയും വ്യക്തിഗതമായി പതിപ്പുകൾ/മാഗസിൻ തയ്യാറാക്കാൻ അവസരം നൽകുന്നു. | വ്യക്തിഗതമായി പതിപ്പുകൾ/മാഗസിൻ തയ്യാറാക്കുന്നു. | ടീച്ചർ | മാർച്ച് |

# ACADEMIC MASTERPLAN

# 2025 - 2026

# STD III

**John v.p**

# ACADEMIC MASTERPLAN

## ENGLISH

## STD 3

| | ACTIVITY | LEARNING OUTCOME | DURATION |
|---|---|---|---|
| volep reading bits in children. | • Class library<br>• Reading aloud by students, by the help of teacher.<br>• Reading by students in groups.<br>• Reading children's books like balarama, digest, kalikkudukka etc.. | • Devolep reding skills.<br>• Practice reading habits everyday.<br>• Enhance english learning career through various books. | • During academic year |
| Read and findout unfamiliar words. | • Encourge children to write down english words or sentences from daily life in a diary. | • Enhance vocabulary.<br>• Devolep reading ability through various activities. | • During academic year |
| Devolep basic language skill. | • English assembly.<br>• Simple conversations.<br>• English diary.<br>• English corner | • Practice creative writing.<br>• Enhance grammer usage.<br>• Devolep writing skills.<br>• Practice sentence formation. | • During academic year |
| Building vocabulary grammer and communication skill. | • English fest.<br>• English choir.<br>• English day.<br>• English quiz. | • Devolep storytelling skills.<br>• Improve reading fluency.<br>• Enhance english learing through various | • During academic year. |

# അക്കാദമിക മാസ്റ്റർപ്ലാൻ

## പരിസരപഠനം

## ക്ലാസ് 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| നമ്മുടെ ലോകം | • നമുക്കുചുറ്റുമുള്ള ജന്തുലോകം<br>• വിവിധ ജന്തുലോക വിശേഷങ്ങൾ. | നമ്മുടെ ചുറ്റുപാടിൽ നിരവധി ജന്തുക്കളുണ്ടെന്ന് തിരിച്ചറിയുന്നു | ജൂൺ<br>ജൂലൈ |
| ശാസ്ത്രാവബോധം വളർത്തുക | • കണ്ടെത്താം അറിയാം.<br>• ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>• കുറിപ്പ് തയ്യാറാക്കൽ. | വിവിധ പരീക്ഷണങ്ങളിലൂടെ ശാസ്ത്രലോകത്തെക്കുറിച്ച് മനസിലാക്കുന്നു | ഓഗസ്റ്റ്<br>സെപ്റ്റംബർ |
| പ്രകൃതി വിഭവ സംരക്ഷണം | • ജൈവ വൈവിധ്യ പാർക്ക്.<br>• പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം.<br>• പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അവബോധം നൽകൽ | വിവിധ പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി സംരക്ഷണപ്രാധാന്യത്തെക്കുറിച്ച് മനസിലാക്കുന്നു | ഒക്ടോബർ<br>നവംബർ |
| ശാസ്ത്ര പരീക്ഷണങ്ങൾ | • പരീക്ഷണം വീട്ടിലും<br>• ശാസ്ത്ര മാസികകൾ<br>• ശാസ്ത്ര പ്രതിഭകൾ<br>• ശാസ്ത്ര ക്വിസ് | വിവിധ പരീക്ഷണങ്ങളിലൂടെ ശാസ്ത്രസാധ്യതകളെക്കുറിച്ച് തിരിച്ചറിയുന്നു. | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി |

# അക്കാദമിക മാസ്റ്റർപ്ലാൻ

## മലയാളം

## ക്ലാസ് –3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | • പുസ്തക പരിചയം.<br>• പുസ്തക ശേഖരണവും പ്രദർശനവും.<br>• കവികളെക്കുറിച്ച് ഡോക്യുമെൻററി പ്രദർശനം. | • വിവിധ സാഹിത്യ പ്രതിഭകളെയും കൃതികളെയുംകുറിച്ച് മനസിലാക്കാൻ കഴിയുന്നു. | ലക്ഷ്യം പൂർത്തിയാകുന്നതു വരെ |
| വായനാ പരിപോഷണം | • വായനമൂല<br>• എൻറെ മലയാളം<br>• ക്ലാസ് ലൈബ്രറി<br>• ചിത്രവായന.<br>• ദൈനംദിന വായന | • പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ ആശയവും അർത്ഥവും മനസിലാക്കി പ്രയോഗിക്കാൻ കഴിയുന്നു. | വർഷം മുഴുവൻ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ.<br>• അക്ഷരപരിചയം. | • അനുയോജ്യമായ ഭാവം,ഉച്ചാരണം, അർഥവ്യക്തത എന്നിവയോടെ സ്വയം വായിച്ച് അവതരിപ്പിക്കുന്നു. | വർഷം മുഴുവൻ |
| എഴുത്ത് പരിപോഷണം | • വായനാക്കുറിപ്പ് | • സാഹിത്യ രചനകൾ രസകരമായി | വർഷം |

# അക്കാദമിക മാസ്റ്റർപ്ലാൻ

## ഗണിതം

## ക്ലാസ് 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ഗണിതം ലളിതം | • ഗണിത മാഗസിൻ<br>• അബാക്കസ് നിർമാണം,<br>• സ്ഥാനവിലകളികൾ | • സ്ഥാനവില അനുസരിച്ചും അല്ലാതെയും സംഖ്യകൾ പിരിച്ചെഴുതുന്നു. | ലക്ഷ്യത്തിലെത്തുന്നതുവരെ. |
| ഗണിതപഠനം രസകരമാക്കാം | • ദിവസേനയുള്ള കുസൃതിക്കണക്ക്<br>• ഗണിതകളികൾ– snake&ladder etc. | • എണ്ണിയെടുക്കുന്നതിനും ക്രമം സൂചിപ്പിക്കുന്നതിനും സംഖ്യകൾ ഉപയോഗിക്കുന്നു. | വർഷം മുഴുവൻ |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | • ജ്യാമിതീയ രൂപ നിർമാണം<br>• ഒറിഗാമി ശില്പശാല<br>• ജ്യാമിതീയ രൂപങ്ങളുപയോഗിച്ചുള്ള ചിത്രങ്ങൾ | • ജ്യാമിതീയ രൂപങ്ങളുടെ ഭംഗി ആസ്വദിക്കുന്നു.<br>• ജ്യാമിതീയ രൂപങ്ങൾ നിർമിക്കാൻ കഴിയുന്നു. | ലക്ഷ്യത്തിലെത്തുന്നതുവരെ |
| പഠനോപകരണങ്ങളിലൂടെയുള്ള ഗണിതപഠനം | • വിവിധ പഠനോപകരണങ്ങളുടെ നിർമാണവും പ്രദർശനവും. | • വിവിധ നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്നു | വർഷം മുഴുവൻ |

# ACADEMIC MASTER PLAN
# 2025-2026

ST. JOSEPH’S L.P SCHOOL MULAKUVALLY

CLASS: IV